# പ്രതിരോധത്തിന്റെ ഭിന്നമുഖങ്ങൾ:

## കെ.ആർ. മീരയുടെ 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ' എന്ന കഥയിലൂടെ

ഒരു ജനതയെ തനിക്കു കീഴിലാക്കലാണ് അധികാരം. അധികാരത്തെ പലരും പല രീതിയിൽ നിർവ്വചിച്ചിട്ടുണ്ട്. റസ്സൽ 'നഗ്നമായ അധികാരം' (Naked Power) എന്നാണ് അധികാരത്തെ വിളിക്കുന്നത്. ഇറച്ചിവെട്ടുകാരന് ആടിനോടുള്ളതുപോലെ പ്രജകളോട് യാതൊരു വിധ ഇണക്കവും പ്രകടിപ്പിക്കാത്ത ഒന്നാണ് അധികാരം എന്ന് അദ്ദേഹം തുടർന്നെഴുതുന്നു. ('Power' -P-57) ധൈഷണികവും ധാർമ്മികവുമായ നേതൃത്വത്തിലൂടെയും അധീശത്വത്തിലൂടെയുമാണ് ഒരു സമൂഹ വിഭാഗം നേതൃത്വം നിലനിർത്തുന്നത് എന്നു വാദിക്കുന്ന ഗ്രാംഷിയും ജ്ഞാനവും അധികാരവും പരസ്പരം ബന്ധപ്പെടുന്നതെങ്ങനെ എന്ന് വിലയിരുത്തുന്ന മിഷേൽ ഫൂക്കോയും അധികാരത്തെക്കുറിച്ച് വിശദമായി പരിശോധിക്കുന്നുണ്ട്. പിയറി ബോർദ്യൂ, ലൂയി അൽത്തുസർ, ഇ.പി. തോംസൺ, റിച്ചാർഡ് ഹൊഗ്ഗാർട്ട്, സ്റ്റ്യുവർട്ട് ഹാൾ, റെയ്മണ്ട് വില്യംസ് തുടങ്ങി ഒട്ടനവധി പേർ സംസ്കാരത്തെയും പ്രതിരോധത്തെയും കുറിച്ച് ചിന്തിച്ചവരാണ്. ഴാക് ദറിദ (Jacques Derida) യുടെ അപനിർമ്മാണ പഠനം സാംസ്കാരിക ചിഹ്നങ്ങളുടെ അധീശത്വം വെളിവാക്കുന്നവയായിരുന്നു.

ശിക്ഷയിലൂടെ അധികാരം സ്ഥാപിച്ചിരുന്ന ഒരു ഭരണകൂടം പിന്നീട് ശിക്ഷണത്തിലൂടെ തങ്ങളുടെ ശക്തി നിലനിർത്തിയതെങ്ങനെ എന്നതിന്റെ കഥയാണ് ചരിത്രം. നാമറിയാതെ നമ്മുടെ ശരീരവും മനസ്സും വരുതിക്ക് നിർത്തുകയും 'അച്ചടക്കമുള്ള പൗരന്മാരായി' നമ്മെ

മാറ്റുകയും ചെയ്യുന്നിടത്താണ് അധികാരകേന്ദ്രങ്ങളായി അധീശ ശക്തികൾ മാറുന്നതെന്ന് ഫൂക്കോ വ്യക്തമാക്കുന്നുണ്ട്. മതം, സ്നേഹം, നിറം, ജാതി, സമ്പത്ത്, ഭാഷ, വസ്ത്രം, ഭക്ഷണം, പ്രായം, ലിംഗം എന്നു തുടങ്ങി ഏതു മേഖലയിലും നിലനിൽക്കുന്ന അധികാരത്തിന് സ്ഥിര സ്വഭാവമല്ല ഉള്ളത്. സാഹചര്യത്തിനനുസരിച്ച് മാറുന്ന അറിവാണ് 'അധികാരം'. വീട്ടിലെ 'അച്ഛൻ' എന്ന അധികാരി തൊഴിലിടങ്ങളിൽ അടിമയായി മാറുന്നത് ഉദാഹരണമായെടുക്കാം. ഇത്തരത്തിൽ, നമുക്കുമേൽ നിറയുന്ന പലതരം അധികാരങ്ങൾക്കുമേൽ വ്യക്തിയോ സമൂഹമോ ഒറ്റയ്ക്കോ കൂട്ടായോ എടുക്കുന്ന പ്രതിഷേധ തന്ത്രങ്ങളാണ് പ്രതിരോധം.

വ്യക്തികൾ സ്വയം ആയുധങ്ങളായി മാറുന്ന വർത്തമാന ഭീകരതയിൽ അധികാരത്തിനെതിരെ പ്രവർത്തിക്കാൻ വാളും തോക്കുമല്ല ഉപകരിക്കുക; മറിച്ച് ഗുലികയാണ്. ഉത്തമ കല അധികാരത്തെ പ്രതിരോധിക്കുക തന്നെ ചെയ്യും. എഴുത്തുകാരുടെ നാക്കരിയപ്പെടുന്ന വർത്തമാനത്തിൽ സാഹിത്യം എങ്ങനെ പ്രതിരോധ ശക്തിയാവുന്നു എന്ന് അന്വേഷിക്കേണ്ടതുണ്ട്.

പ്രതിരോധം

ഒരു സമൂഹത്തിൽ സംസ്കാരത്തിന്റെ പ്രധാന ചിഹ്നങ്ങളാണ് ഭാഷയും സാഹിത്യവും. ഭാഷ, സാഹിത്യം, കല, ചരിത്രം എന്നിങ്ങനെയുള്ള സാംസ്കാരികധാരകൾ ഒരു സമൂഹത്തിന്റെ സർഗ്ഗാത്മക പ്രതിരോധത്തിന്റെ ഉറവിടങ്ങളാണ്. *പ്രതിരോധം എന്ന പദം സാഹിത്യത്തിൽ ആദ്യമായി പ്രയോഗിക്കുന്നത് പലസ്തീൻ എഴുത്തുകാരനായ ഗസ്സൻ കനഫാനി ആണ്. അധിനിവേശക സാഹിത്യം, പ്രതിരോധ സാഹിത്യം എന്നിങ്ങനെ രണ്ടുതരം സാഹിത്യത്തെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. ഓരോ ഭൂപ്രദേശത്തിനുമുള്ള സവിശേഷമായ സാംസ്കാരിക സാഹചര്യങ്ങൾ കലയുടെ ഘടനയിലും സ്വഭാവത്തിലും കാതലായ മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. സാഹിത്യത്തിൽ ഇത്തരം മാറ്റങ്ങൾ പ്രകടമെന്നതിനെക്കാൾ നിഗൂഢമാണ്.

അധിനിവേശത്തിന്റെ പ്രത്യക്ഷ ഫലങ്ങളിലൊന്ന് അന്യവൽക്കരണമാണ്. ഭാഷ, സംസ്കാരം എന്നിവയെപ്പോലെ ഒരു ജനത സ്വന്തം മണ്ണിൽ അന്യവൽക്കരിക്കപ്പെടുന്നു.

നമുക്കുചുറ്റും നടക്കുന്ന അധികാരത്തിന്റെയും അനീതിയുടെയും അടയാളങ്ങളോടുള്ള പോരാട്ടം തന്നെയാണ് പ്രതിരോധം. സംസ്കാരങ്ങൾക്കിടയിലെ വ്യത്യസ്തകളെ അംഗീകരിക്കുക, അധീശത്വത്തിനെതിരായി സർഗ്ഗാത്മകമായി പ്രതികരിക്കുക, സംസ്കാരത്തിന്റെ ഉപാദാനങ്ങളെയെല്ലാം പ്രതികരണസജ്ജമാക്കി പുതുക്കുക എന്നിങ്ങനെ ഒട്ടനവധി ലക്ഷ്യങ്ങളാണ് ഭാഷയിലും സാഹിത്യത്തിലുമുള്ള പ്രതിരോധ സംസ്കാരം മുന്നോട്ടു വെക്കുന്നത്.

നമ്മുടെ ഓർമ്മയെയും ഭൂതകാലത്തെയും ചിതറിത്തെറിപ്പിക്കുകയാണ് പുതിയ അധികാര മുഖങ്ങൾ. മറവി, മുൻവിധി, വൈകാരികത, മനുഷ്യത്വരാഹിത്യം എന്നീ ഗുണങ്ങളിലാണ് ഫാസിസം നിലയുറപ്പിക്കുന്നതെന്നും അതിനെ ചെറുക്കാനുള്ള വഴി ഓർമ, യുക്തിബോധം, മാനവികത, ചരിത്രപരമായ വിശകലന രീതി എന്നിവയാണെന്നും കെ.ഇ.എൻ ഓർമ്മപ്പെടുത്തുന്നു.

## സാഹിത്യവും പ്രതിരോധവും

സാഹിത്യം എക്കാലവും ശക്തമായ പ്രതിരോധമാർഗ്ഗമായിരുന്നു. ചരിത്രത്തിന്റെ നിയമങ്ങൾക്ക് വഴങ്ങാത്ത ആഖ്യാനപാടവം കൊണ്ട് സ്വാതന്ത്ര്യനിഷേധത്തിനെതിരെ നമ്മുടെ എഴുത്തുകാർ പടവെട്ടിയിരുന്നു. മാനവിക മൂല്യങ്ങൾക്കുപരി അധികാരത്തെ പ്രതിഷ്ഠിക്കാൻ നടത്തുന്ന എല്ലാ ശ്രമങ്ങളെയും അനുകൂലിച്ചിരുന്ന ഒരു ഘട്ടത്തിൽ പോലും ഒരു പുനർവായനയ്ക്ക് ഇടം നൽകിയാൽ അക്കാലത്തെ എഴുത്തിൽ പോലുമുള്ള പ്രതിരോധത്തിന്റെ ശക്തി മനസ്സിലാക്കാം.

സർഗ്ഗാത്മകസാഹിത്യത്തിന്റെ കാര്യമെടുത്താലും ജനകീയ സമരങ്ങളുടെ കാര്യമെടുത്താലും അധികാരത്തിനെതിരെ എക്കാലവും ശക്തമായ പ്രതിരോധമുയർത്തിയ നാടാണ് കേരളം. ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമികൾ, വേലുത്തമ്പി ദളവ തുടങ്ങിയ നീണ്ടനിരയുടെ നേതൃത്വത്തിൽ നടത്തിയ ഓരോ സമരങ്ങളും പ്രതിരോധങ്ങളുടെ മുഖപ്പുകളാണ്. സാഹിത്യത്തിലാകട്ടെ, കഥ, കവിത, നോവൽ, ലേഖനം, ആത്മകഥ, എന്നിങ്ങനെ വിവിധ ശാഖോപശാഖകളായി പിരിഞ്ഞു നിൽക്കുന്ന വൻമരത്തിനു താഴെ ജനതയ്ക്കുവേണ്ടി, ഭാഷയ്ക്കു വേണ്ടി, സംസ്കാരത്തിനു വേണ്ടിയുള്ള മുറവിളികൾ എക്കാലവും ഉയർന്നിട്ടുണ്ട്.

ഫാസിസത്തിന്റെ പുതുമുഖമായി വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലം എഴുത്തുകാർക്ക് എഴുതാൻ മാത്രമല്ല, ജീവിക്കാൻ പോലും

സ്വാതന്ത്ര്യമില്ലാതാക്കപ്പെടുന്ന ഭീഷണകാലമാണ്. ഈ സവിശേഷ സാഹചര്യത്തിൽ എഴുത്തിലൂടെ മാത്രമേ നഷ്ടമായിക്കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തെ തിരിച്ചെടുക്കാനാവൂ. ആ ധീരത കാണിക്കുന്ന എഴുത്തുകാർ കുറഞ്ഞുകൊണ്ടിരിക്കുന്നുണ്ടെങ്കിലും നഷ്ടമായിട്ടില്ല എന്നു കാണിക്കുന്നതാണ് കെ.ആർ. മീരയുടെ എഴുത്തുകൾ. മീരയുടെ 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ' എന്ന കഥയിലൂടെ അധികാരവും പ്രതിരോധവും ഏതുതരത്തിലാണ് കഥാകാരി ആവിഷ്കരിച്ചിരിക്കുന്നതെന്നു പരിശോധിക്കുകയാണിവിടെ. മീരയുടെ കഥകളിൽ ഏറെയൊന്നും പറഞ്ഞുകേട്ടിട്ടില്ലാത്ത കഥയാണ് 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ.' പക്ഷേ സൂക്ഷ്മവിശകലനത്തിലാണ് ഒരു കഥ എത്രമാത്രം മാനങ്ങളുള്ള ഒന്നാണ് എന്ന് തിരിച്ചറിയുന്നത്.

വൃദ്ധ ദമ്പതികളാണ് കഥയുടെ കേന്ദ്രം. പള്ളിയിൽ പോവുന്ന വഴിയിൽ ഭാര്യ വീഴുന്നതും അവൾക്ക് ആശുപത്രിയിൽ വെച്ച് പേസ്മേക്കർ ഘടിപ്പിക്കുന്നതും അതിനു ശേഷം ജീവിതത്തിൽ വന്ന മാറ്റവും അവളുടെ മരണവും ഏറ്റവും ചുരുക്കി അവതരിപ്പിക്കപ്പെടുന്ന കഥ. ഒറ്റനോട്ടത്തിൽ ദാമ്പത്യത്തിന്റെ മധുരവും വാർദ്ധക്യത്തിലും നിലനിൽക്കുന്ന സ്നേഹവും എല്ലാം വിളംബരം ചെയ്യുന്ന ഈ കഥ. പക്ഷേ വിശദമായ വായനയിലൂടെയാണ് കഥയുടെ പ്രതിരോധം പുറത്തുവരുന്നത്.

പ്രതിരോധത്തിന്റെ വിഭിന്ന മുഖങ്ങളാണ് ഈ കഥയിലൂടെ അവതരിപ്പിക്കപ്പെടുന്നത്.

1) പ്രാദേശികം: തന്റെ സമൂഹത്തെയും തന്നെയും കുറിച്ചോർക്കുന്ന ഏതെഴുത്തുകാരിലും ആദ്യം നിറയുന്ന ബോധം തന്റെ 'ഇട'ത്തെക്കുറിച്ചുള്ളതാണ്. സ്ഥലബോധം രണ്ടു തരത്തിലാണ് കൃതികളിൽ കടന്നുവരുന്നത്. സി.വി. കൃതികളിലുള്ളതുപോലെ ചരിത്രപരമായ വർണ്ണനയാവാം അത്, അല്ലെങ്കിൽ ഭാവനാപരമായ പുനർനിർമ്മിതിയുമാവാം. പ്രാദേശിക ബോധത്തിലൂടെ സ്വത്വബോധമുണ്ടാക്കലാണ് പ്രതിരോധ സംസ്കാരനിർമ്മിതിയുടെ ആദ്യചവിട്ടുപടി. കവലയും ചന്തയും ഉത്സവങ്ങളുമെല്ലാം തുടിപ്പുകളായിരുന്ന ഒരു നാടിന്റെ പ്രാദേശികതയ്ക്കു മേലാണ് അധികാരം അതിന്റെ ആദ്യ ചവിട്ടുറപ്പിച്ചത്. ഇത്തരത്തിൽ ദേശാധിനിവേശത്തോടുള്ള കൃത്യമായ പ്രതിരോധമായി ബഷീറിനെപ്പോലുള്ളവരുടെ കൃതികൾ മാറുന്നു. കൂട്ടായ്മബോധം ഉള്ളിലുണ്ടായിരുന്ന ഒരു ജനത ഇന്ന് നിറയുന്ന ആഘോഷപ്പെരുക്കങ്ങളിലും

ഒറ്റപ്പെടുന്നു. വ്യക്തികൾ അവനവനിലേക്ക് ചുരുങ്ങി പുറത്തുള്ളതിനെ കണ്ടില്ലെന്നു നടിക്കുന്ന അവസ്ഥയിലെത്തുന്നു. ഈ സാംസ്കാരിക പരിസരത്തിലാണ്,

'ചെറുപ്പത്തിലൊക്കെ ഞങ്ങളുടെ കവലേല് എറങ്ങിനിക്കുമ്പം വഴീലൊക്കെ ഒരുപാടാള്ക്കാണും. ആരെങ്കിലുമൊക്കെ പരിചയക്കാരു കാണും.... ഇപ്പഴിപ്പഴാ നമ്മുടെ വഴീൽ നമ്മളല്ലാതെ വേറാരുമില്ലാതാ യിപ്പോയത്' എന്ന വരികൾ സ്വസ്ഥത കളയുന്നത്.

2) ഭാഷ: 'ഒരു ജനതയെ നശിപ്പിക്കാനുള്ള ഏറ്റവും എളുപ്പമു ള്ള മാർഗ്ഗം അവരുടെ ഭാഷ' നശിപ്പിക്കലാണ്. അതുകൊണ്ടുതന്നെ ഭാഷാഭിമാനം നശിപ്പിക്കലിലൂടെ നമ്മുടെ സ്വത്വബോധം നശിപ്പി ക്കാൻ അധികാരം ശ്രമിക്കുന്നു. 'ഭാഷ രക്തമാണ്'എന്ന മാക്സ് മുള്ളറി ന്റെ വാക്യം കടമെടുത്താൽ ഭാഷയ്ക്ക് ജീവിതത്തിലുള്ള സ്ഥാനം മനസ്സി ലാവും. ഒരു ജനതയുടെ മനസ്സും ജീവിത വീക്ഷണവും വരെ മാറ്റുന്നത് ഭാഷയിലൂടെയുള്ള കടന്നുകയറ്റത്തിലൂടെയാണ്. 'ഭാഷ പൂത്തും വികാരം തളിർത്തും' നിൽക്കുന്ന ഭാവനയെപ്പറ്റി കവികൾ പാടിയത് വെറുതെ യല്ല. ഭാഷയാണ് വികാരങ്ങൾ വഹിക്കുന്നത്. വികാരവും ഹൃദയവും പരസ്പര ബന്ധിയാവുന്നത് രക്തമാകുന്ന ഭാഷയിലൂടെയാണ്. ഒരു ഭാഷ എങ്ങനെ രൂപപ്പെടുന്നോ, അതുപോലെയാണ് സമുദായം രൂപപ്പെടുക എന്നത് ഇന്ന് സാമൂഹ്യഭാഷാ ശാസ്ത്രത്തിലെ പ്രധാനപ്പെട്ട ഒരാശയ മാണ്. നാം അറിഞ്ഞോ അറിയാതെയോ ഒരു ഭാഷയിലൂടെ ചിന്തിക്കു കയും സ്വപ്നം കാണുകയും നമ്മുടെ ചരിത്രം നിർമ്മിക്കുകയും ചെയ്യുന്നു. ഭാഷ ഒരു അധികാര രൂപം കൂടിയാണ്. (എം.എൻ. വിജയൻ, 2005.)

കോളനിവത്കരണം എത്രമാത്രം അകന്നുപോയിട്ടും പോവാതെ ചിന്തയെക്കൂടി ആക്രമിക്കുകയാണിന്ന്. ഹൃദയത്തെ–വികാരങ്ങളെ– എല്ലാം ഇല്ലായ്മചെയ്യുന്ന, വികാരങ്ങളുടെ മേലുള്ള, ഈ കടന്നു കയറ്റത്തെ 'ഫ്രാൻസിൽ നിന്നു കൊണ്ടുവന്ന പേസ്മെക്കറി'ലൂടെയാണ് മീര അവതരിപ്പിക്കുന്നത്. ഫ്രാൻസിലെ പേസ്മേക്കർ ശരീരത്തിൽ പ്രവർത്തിക്കുന്നതോടുകൂടി ഭാര്യ ഫ്രഞ്ചിൽ മാത്രം സംസാരിക്കുന്നു.

'കെദെസീരെവ്യ', 'കി എത് വ്യ?' എന്നിങ്ങനെയുള്ള ഫ്രഞ്ച് പദങ്ങൾ കേട്ട് ദേഷ്യം വന്നാണ് ഭർത്താവ് ഭാര്യയെ അടിക്കാൻ തുടങ്ങിയത്. ഒന്നു തൊട്ടപ്പോഴേക്കും അവൾ തടി വെട്ടിയ പോലെ വീണു എന്നാണ് കഥാകാരി എഴുതുന്നത്. ഇത്തരം പരദേശി പദങ്ങൾക്കു ബദലായി തനി നാടൻ പദങ്ങളാണ് മീര അവതരിപ്പിക്കുന്നത്. 'മൂടൊറയ്ക്കാത്ത

തയ്യ്, പെമ്പള, കമിട്ടി, പതുക്കനെ, അലയ്ക്കാൻ, കത്തീം കത്താതേം, മുതലായവ.

ഭാഷയ്ക്കുമേലുള്ള അധിനിവേശം പെട്ടെന്നല്ല കടന്നുവരുന്നത്, പ്രാദേശിക ഭാഷയിൽ ക്രമമായ മാറ്റങ്ങൾ സൃഷ്ടിച്ച് അധികാര ഭാഷ മാത്രമാണ് ശരണമെന്ന തോന്നലുളവാക്കിയാണ് ഇത് സാധിച്ചെടുക്കുന്നത് എന്ന് ചിന്തകർ അഭിപ്രായപ്പെടുന്നു. അതുകൊണ്ടുതന്നെ ഭാഷാ പ്രതിരോധം ഉയർത്തിപ്പിടിക്കേണ്ടത് അത്യാവശ്യമാകുന്നു.

3. കൃത്രിമത്വം/നൈസർഗ്ഗികത: പ്രതിരോധത്തിന്റെ അടുത്ത മുഖം മീര അവതരിപ്പിക്കുന്നത് ഹൃദയത്തിനുമേൽ ആധിപത്യം നേടുന്ന പേസ്മേക്കറിലൂടെയാണ്. നൈസർഗ്ഗികമായ ചിന്തയും ബോധവും വഹിച്ചിരുന്ന മനസ്സ് കൃത്രിമ സാഹചര്യത്തിൽ എത്രമാത്രം നശിപ്പിക്കപ്പെട്ടു എന്നതിന്റെ കൂടി വിവരണമാവുന്നുണ്ട് ഈ കഥ. ശരീരത്തിന്റെ ജൈവികതയെ ഇല്ലായ്മ ചെയ്യുന്ന അധികാരത്തിന്റെ നീരാളിപ്പിടുത്തമാണ് ഫ്രഞ്ച് വാക്കുകളായി മാറുന്നത്.

4. ഓർമ്മ/മറവി: 'അധികാരത്തിനെതിരായുള്ള മനുഷ്യന്റെ പോരാട്ടം മറവിക്കെതിരെ ഓർമ്മ നടത്തുന്ന പോരാട്ടമാണ്' എന്ന് മിലൻ കുന്ദേര വ്യക്തമാക്കുന്നുണ്ട്. ഓർമ്മകൾ മനുഷ്യനെ മനുഷ്യനാക്കുന്ന കവചമാണ്. ഓർമ്മകളെ ഇല്ലാതാക്കുക വഴി ഒരു മനുഷ്യന്റെ ഭൂതകാലത്തെ—അവനെ—എല്ലാം ഇല്ലാതാക്കുകയാണ്. കഥയിൽ ഭർത്താവ് ഭാര്യയെ അടിക്കാൻ തുടങ്ങിയത് അവളുടെ മറവിയോടുള്ള പ്രതിഷേധമായാണ്. ഓർമ്മകൾ നശിപ്പിക്കപ്പെടാതിരിക്കാനുള്ള ആഹ്വാനമായി കഥ മാറുന്നു.

5. കാലം: പ്രതിരോധത്തിന്റെ പ്രധാന സാക്ഷിയായി കാലം മാറുന്ന അപൂർവ്വമായൊരു കാഴ്ചയാണ് കഥയിലൂടെ അവതരിപ്പിക്കപ്പെടുന്നത്. പത്രവാർത്തയുടെ പശ്ചാത്തലത്തിലാണ് കഥയുടെ ചുരുൾ നിവരുന്നത്. സമയം നിമിഷങ്ങളായി നമുക്കുള്ളിലൂടെ പോവുന്നു.

'എരട്ടപ്പിള്ളാരു വേർപിരിയാൻ പോകുന്ന വാർത്ത വന്ന ദിവസമായിരുന്നു കഴിഞ്ഞേന്റങ്ങേ ഞായറാഴ്ച' എന്ന തുടക്കം തന്നെ സമയ സൂചകമാവുന്നു. ഭൂതവും ഓർമ്മയും ചെപ്പു തുറക്കുന്നു—വാർത്ത തന്നെ ജീവിതമാകുന്ന—അല്ലെങ്കിൽ ജീവിതം തന്നെ വാർത്തയാവുന്ന കാലം.....

'ആംബുലൻസ്' എന്ന വാഹനത്തെ കഥയിൽ അവതരിപ്പിക്കുന്നത് കാലത്തിന്റെ സൂചകമായിട്ടാണ്.

February, 2016
Volume 01: No. 02
മലയാളപ്പച്ച
malayala pachcha

'കാര്യം ചെറിയ വണ്ടിയാ.... പക്ഷേ അതിന്റകത്ത് പൊറോം തിരിഞ്ഞിരിക്കുമ്പം നമ്മളേതാണ്ട് വല്യ പെട്ടിക്കകത്തു തനിച്ചിരിക്കുവാന്നും ആകാശത്തോട്ടു പൊങ്ങിപ്പോകുവാന്നും തോന്നും... അന്നേരമാ ഞാൻ ഓർത്തത്....' —ഈ ഓർമ്മകളിൽ നിറയുന്നത് ജീവിത തിരക്കുകൾക്കിടയിൽ ജീവിക്കാൻ സമയം കിട്ടാതിരുന്ന മനുഷ്യന്റെ നീറുന്ന അനുഭവങ്ങളാണ്. കാലത്തോട്ടു പുറം തിരിഞ്ഞിരിക്കുന്ന മനുഷ്യൻ.

പള്ളിയിലെ പാട്ട് ആദ്യന്തം നിറഞ്ഞുനിൽക്കുന്നു.

'മൺമയമാം ഈയുലകിൽ കാണ്മതുമായ
വൻ മഹിമ ധനസുഖങ്ങൾ സകലവും മായ
മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ'

എന്നു തുടങ്ങുന്ന ആ പാട്ട് ഇന്നിനെയും നാളെയെയും കുറിച്ചുള്ളതാണ്.

'വണ്ടി മുന്നോട്ടുപോവുമ്പം നമ്മളു പൊറകോട്ടു നോക്കിയിരിക്കും', 'വഴീല് ആരും കാണത്തില്ലായിരിക്കും', എന്നിങ്ങനെ കാലം നിറയുന്ന കഥയാണ് 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ'.

ഇത്തരത്തിൽ നോക്കിയാൽ പ്രതിരോധത്തിന്റെ ശക്തമായ അടയാളങ്ങൾ സൂക്ഷിക്കുന്ന കഥയാണ് 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ'. അന്യ ഭാഷയോടും കൃത്രിമത്വത്തോടും എല്ലാത്തിലുമുപരി മറവിയോടും ഉള്ള ഓർമ്മയുടെ പ്രതിഷേധമായി കഥ മാറുന്നു. എരട്ടപ്പിള്ളാരുടെ വേർപിരിയലും ദമ്പതികളിലൊരാളുടെ വേർപിരിയലും യാദൃച്ഛികമല്ല—ഒരു മനസ്സിൽ/ഒരു വികാരത്തിൽ/ഒരു ചിന്തയിൽ നിന്നുള്ള വേർപിരിയലാണത്.

ദൃശ്യമാധ്യമങ്ങളിലൂടെ കാഴ്ചയ്ക്ക് പ്രാധാന്യമുള്ള പുതുസംസ്കാരം നമ്മുടെ മേൽ വരിഞ്ഞു മുറുകുകയാണ്. ചിന്തയും ഭക്ഷണവും രുചിയും താത്പര്യങ്ങളും വസ്ത്രവും എല്ലാം ഏകമാക്കപ്പെടുന്ന, വൈവിധ്യത്തെ അംഗീകരിക്കാനാവാത്ത പുത്തൻ അധികാര വ്യവസ്ഥയാണിന്ന്.

ഇങ്ങനെ മാറുന്ന പരിസ്ഥിതി, ഭാഷ, ജീവിതരീതി, വീക്ഷണം, ദേശം, ചിന്ത, സംസ്കാരം, വസ്ത്രം എന്നു തുടങ്ങി മനുഷ്യനെ മനുഷ്യനാക്കുന്ന എല്ലാ ഘടകങ്ങളുടെയും തിരിച്ചെടുപ്പിനു വേണ്ടിയുള്ള ശക്തമായ ആഹ്വാനമായി മീരയുടെ ഈ കഥ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നു.

സഹായക ഗ്രന്ഥങ്ങൾ:

1. കെ.ആർ. മീരയുടെ കഥകൾ, കെ.ആർ. മീര, കറന്റ് ബുക്സ്, 2010
2. ഭാഷയും ഭാവനയും: പ്രതിരോധത്തിന്റെ അടയാളങ്ങൾ, സി.ആർ. പ്രസാദ്.
3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010
4. സംസ്കാരത്തിലെ സംഘർഷങ്ങൾ, കെ. ഇ.എൻ., പ്രതീക്ഷ ബുക്സ്, 2012
5. പ്രതിരോധ സംസ്കാരം: സിദ്ധാന്തവും പ്രയോഗവും, ഇ.കെ. സീന, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

ഷീന. വി.കെ.
ഗവേഷക,
കോഴിക്കോട് സർവ്വകലാശാല
Email : isheekam@gmail.com